# ബസിൽ കയറിപ്പറ്റുക എന്ന ജീവിതലക്ഷ്യം




റഫീക് അഹമ്മദ്

ഗ്രാമത്തിലെ ഏക പലചരക്ക വ്യാപാരി കുഞ്ഞൻ എന്ന 'കോക്കാൻ'ഗോവിന്ദൻ നായരോടു ചോദിക്കുന്നു:

"അമ്മിണ്യമ്മേം കുട്ട്യോളും ഒക്കപ്പാടെ സിൽമയ്ക്ക് പോണ കണ്ടൂലോ. ഗോയിന്നായര് സിൽമയ്ക്കൊന്നും പോക്കില്ലേ?"



"ഹേയ് ഞാൻ പോവാറില്ല്യ" ഗോവിന്ദൻ നായര് പറഞ്ഞു "ബന്തവസ്സോള്ള ടാക്കീസോള്ണ്ട്. സ്റ്റ് ഫ്രീയായിട്ട് കാണാം. ന്നാലും ഞാൻ പോവില്ല്യാച്ചോളൂ. ഒക്കെ ആഭാസത്തരാ."

"അതല്ല ഗോയിന്നാരേ, പലപല സ്ഥലങ്ങളൊക്കെ കാണാലോ. കാര്യങ്ങളൊക്കെ മനസ്സിലാക്കാലോ. തെറ്റൊന്നൂല്ല്യ!"

കോക്കാൻ പറഞ്ഞു.

ഗോവിന്ദൻനായർ ഒരു നിമിഷം മൗനത്തിലേക്കമർന്നു. അയാളുടെ നെറ്റിത്തടത്തിൽ അഗാധചിന്തയുടെ ചുളിവുകൾ തെളിഞ്ഞുകാണായി. ആലോചനയിൽ നിന്നുണർന്ന് ഗോവിന്ദൻനായർ പറഞ്ഞു:

"സ്ഥലങ്ങള് കാണാനാച്ചാ പ്പത്ര വെഷമണ്ടോ? ഒരു മേപ്പ് എടുത്ത് അങ്ങട് നോക്ക്യാപ്പോരെ?"

ഗോവിന്ദൻനായരുടെ അപാരമായ ബുദ്ധിശക്തിയിൽ ആശ്ചര്യപ്പെട്ട് കോക്കാൻ കുഞ്ഞൻ നിശബ്ദനായി. പോലീസുകാരനാവണെങ്കി തടീം വണ്ണോം മാത്രം പോര. മണ്ടേല് ഇത്തിരി പൂത്തീം വേണം. അയാൾ വിചാരിച്ചു. അമ്പലത്തിലെ ഉത്സവത്തിന് ഫുൾ യൂണിഫോമിൽ ഡ്യൂട്ടിക്കെത്താറുള്ള ഗോവിന്ദൻനായരുടെ രൂപം അപ്പോഴയാൾ മനസ്സിൽ കാണുകയായിരുന്നു. ഒരു പരിചയവും കാണിക്കാത്ത ആ നില്പ്. എഴുന്നള്ളിച്ച ആനയ്ക്ക് ചുറ്റുമുള്ളതിലേറെ കുട്ടികൾ ആരാധനയോടെ അയാളുടെ ചുറ്റുമുണ്ടാകുമപ്പോൾ.

കാലം പിന്നേയുമുരുണ്ടു. ബ്രേക്കും ബെല്ലുമില്ലാതെ, എവിടേയും നിൽക്കാതെ എസ്. എം. എസ്സിന്റെ സ്നേഹായനങ്ങൾ തീർന്നു. യാത്രകളൊക്കെയും ഒഴിഞ്ഞ് അത് ഒരു പഴങ്കൂടുപോലെ വഴിയോരത്തു കിടന്നു. വെയിലും മഴയുമേറ്റ് തുരുമ്പിച്ചു മേൽക്കൂരയും അടിപ്പലകയും വശങ്ങളിലെ ടാർപ്പോളിൻ തിരശ്ശീലകളും ഇല്ലാതായി. ബസ്സിനകം നിറയെ കാട്ടുപ്പയും നീരോലിയും വെളിച്ചേമ്പും തഴച്ചു. പടർപ്പുകൾക്കിടയിൽ പഴങ്കാലത്തിന്റെ ഒരു അസ്ഥികൂടമായി അത്. തുരുമ്പിച്ച് ഓരോ ഭാഗങ്ങളായി അത് മണ്ണിൽ വീണലിഞ്ഞു. തന്മാത്രകളായി, അണുക്കളായി പരിണാമത്തിന്റെ മറ്റേതോ സഞ്ചാരപഥങ്ങളിലൂടെ എസ്. എം. എസ് അതിന്റെ സ്നേഹസഞ്ചാരങ്ങൾ തുടർന്നു.

**പിന്നെ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ, സൂപ്പർഫാസ്റ്റ് ബസ്സുകൾ, ലക്ഷ്വറി കോച്ചുകൾ, നോൺസ്റ്റോപ്പ്, നെവർസ്റ്റോപ്പ് എക്സ്പ്രസ്സുകൾ, ടെറാപ്ലെയിനുകൾ, മാരുതി, സുമോ, എസ്റ്റേറ്റ്, ടയോട്ട അങ്ങനെ നിരന്തര പ്രവാഹങ്ങളാൽ പാത നീറിയെരിഞ്ഞു. യാത്രകൾക്ക് സ്നേഹത്തിന്റെ രുചിയില്ലാതായി. യാത്രകൾ വൈരാഗ്യമായി. പകയായി.**

പിന്നെ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ, സൂപ്പർഫാസ്റ്റ് ബസ്സുകൾ, ലക്ഷ്വറി കോച്ചുകൾ, നോൺസ്റ്റോപ്പ്, നെവർസ്റ്റോപ്പ് എക്സ്പ്രസ്സുകൾ, ടെറാപ്ലെയിനുകൾ, മാരുതി, സുമോ, എസ്റ്റേറ്റ്, ടയോട്ട അങ്ങനെ നിരന്തര പ്രവാഹങ്ങളാൽ പാത നീറിയെരിഞ്ഞു. യാത്രകൾക്ക് സ്നേഹത്തിന്റെ രുചിയില്ലാതായി. യാത്രകൾ വൈരാഗ്യമായി. പകയായി. യാത്ര സമരമായി. ബസ്സിൽ കയറിപ്പറ്റുക എന്നതുമാത്രമായി ജീവിതത്തിന്റെ ലക്ഷ്യം. അച്ഛനെ തള്ളിയിട്ട് മകൻ കയറി, മുത്തച്ഛനെ മറിച്ചിട്ട് പേരക്കിടാവ് സീറ്റുപിടിച്ചു. കോണിയിലും ഫുട്ബോർഡിലും നിന്ന് തൂങ്ങി ആളുകൾ കുതിച്ചു. നേരം വെളുത്തോ നേരം വെളുത്തോ എന്നു നോക്കി ആദ്യം ഞാൻ, ആദ്യം ഞാനെന്ന് ഇറങ്ങി ബസ്സ്റ്റോപ്പുകളിലേക്ക് കുതിച്ചു. ആയിരം കാലടികൾ ചവിട്ടിയരച്ച്, ആയിരം ചുമലുകൾ ഞെരുക്കിഞെരിച്ച് ബസ്സിനകം കയറിപ്പറ്റുക. അതായി ജീവിതം. ചക്രങ്ങൾക്കിടയിൽ ആരൊക്കെയോ അരഞ്ഞു തീർന്നു. വഴിയിൽ ആരൊക്കെയോ കൊഴിഞ്ഞുപോയി. ഏതൊക്കെയോ തലകൾ വിളക്കുകാലുകളിലടിച്ചു തകർന്നു. നിൽക്കാതെ, നിർത്താതെ വണ്ടികൾ മത്സരിച്ച്, നിരന്തരമായി ഹോൺ മുഴക്കി മുന്നോട്ടുകുതിച്ചു പോകട്ടെ, പോകട്ടെ, മുന്നോട്ട്, മുന്നോട്ട് അങ്ങനെയങ്ങനെ.........

അങ്ങനെ ഏതോ ഇരമ്പത്തിനിടയിലെ ഒരു ടയറിന്റെ ശീൽക്കാരം. ചോരത്തുള്ളികൾ വരച്ച ചിത്രം.

മരിച്ചയാൾ വൃദ്ധനായിരുന്നു. എന്നും അയാൾ ചാക്കുതുണികൊണ്ടുള്ള വലിയ അരക്കയ്യൻ കുപ്പായവും അതേ തുണിയിലുള്ള നിക്കറും ധരിച്ചിരുന്നു എന്നും വർത്തമാനം.



ഞെരിഞ്ഞു നിൽക്കാൻ സമയമില്ലായിരുന്നു. അടുത്ത ബസ്സിലെങ്കിലും കയറിപ്പറ്റിയില്ലെങ്കിൽ ആപ്പീസിലെത്താൻ ഇനിയും വൈകുമല്ലോ.

*ഇതിലെ കഥാപാത്രങ്ങൾക്ക് അക്കിക്കാവിലോ സമീപപ്രദേശങ്ങളിലോ ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ ഗർഭത്തിൽ തന്നെ അലസിയവരോ ആയ ഒരൊറ്റ ജീവിയുമായും യാതൊരു വക ബന്ധവുമില്ലെന്ന് പ്രസ്താവിച്ചുകൊള്ളുന്നു.*